# ഉണർവ്

## LK

# MAGAZINE

KPRPHSS

2023-24

# BOOKS

‘ I have my Books at my home’
Books about India and Books about Rome
Books about Russia and Books about spain too
I have books thin and fat
Books about this and books about that
Books about Science Books about History too
Books about facts and Books about adventures too
Every Book on my book shelf
is a treat in itself
Book is a better friend i will never find
That is why my parents say
**“A BOOK A DAY KEEPS BOARING AWAY”**

- Muhammed Adhil-9A

# CHAOS THEORY

**Chaos theory is a field of mathematics with applications in several disciplines including meteorology,sociology,physics,engineering,economics,biology and philosophy.Theory studies the behabior of dynamical systems that are highly sensitibe to initial conditions -a paradigm popularly referred to as the 'butterfly effect'.Small differences in initial conditions yield widely diverging outcomes for such dynamical systems,rndering long term prediction impossivle in general.This happens eventhough these systems are deterministic,meaning that their future behavior is fully determined by these initial conditions,with no random demands involved.**

**Chaos refers to the issue of whether or not it is possible to make accurate long term predictions about the behavior of the system.Chaotic behavior can be observed in many natural systems such as weather and climate.This behavior can be studied through analysis of a chaotic mathematical model.**

Chaotic systems are predictable for a while and then appear
to become random. The amount of time for which the behaviour of a chaotic system can be effectively predicted depends on three things: How much uncertainty we are willing to tolerate in the forecast ; how accurately we are able to measure its current state and a time scale depending on the dynamics of the system called the `lyapunov time ;

chaos theory has been mentioned in movies and works of literature,including Michale chrichton`s novels jurassic park and the lost wolrd as well as their film adaptations;the film chaos and the butterfly effect,the Indian movie “Dasavataram” starring Kamal hassan.In computer game. “The secret world”the dragon secret society uses chaos theory to acheive political dominance.Roy Bradburry `s short story ‘A sound of thunder’ explores Chaos theory.chaods theory was the subject of the BBC documentaries

-Shafana jasmin.A

# WHITE DREAMS

My dream`s colourless
Colours do not suit them
Nor do they deserve any
Still i try to colour them
with my joy and hope
But in vain......
don’t! forget yours dreams
burry them under Nila
fence it up with thorns
The red thing oozing down
will colour your life
Ha..... ha.....ha....
Do not expect anything
as they are basis of Despair.

**- BY ARYA.**

# ON THE WHEEL OF TIME

Life is moving..............................
Moving on the wheel of time..............
I walk slowly....
Someone gave me hands.
I saw the heaven of the joy
I felt the love of God
I was in the lap of affection..................
Then I saw the world of colour
Dazzling light made me move...
I flew into the sky.
Saw the other world
It makes me smile and makes me cry.
I was a lady
I run with my life
Hurdles follow me
I become tired but
there is no one to see..,
my tears ...................

I was only a maid for them.
I am not only in my life
Loneliness is always with me..
It makes me cry,makes me smile…
I enjoyed in the pools of joy.
Sometime I fell in the charm of pain
I learned a lot….
Life taught me more………….
I knew the world.
I smiled a lot before
But now I lost my smile,
Somewhere……………..!
Now I hear the sound of time………..
It reached before me with
All its kindness.

- SREEHARI.S
9A

# THE FLY

*I think it's mocking me*
*Everytime I bring my limbs to it*
*It files away merrily*
*And lands nearby again and googles*
*In vain I tries to clap*
*my arm over it*
*I wonder where from it learned*
*The spell*
*To get away in that lightning*
*speed*
*In just a split second that is*
*wish it would*
*Teach the girls the trick too*

-VAISHAKH KRISHNA.C.K

# ***WHAT YOU WANT TO DO.....***

*If you want to keep*
*keep the promise*
*if you want to cultivate*
*cultivate good manners*
*if you want to read*
*read good books*
*if you want to dress*
*dress the wounded person*
*if you want to kill*
*kill your pride*
*if you want to write*
*write about your mistakes*
*if you want to sow*
*sow the seeds of love*
*if you want to die,die for your country.*

# അഭയ

ഭയം തീർക്കാനായി
അണിതറഞ്ഞ പാദങ്ങളിൽ
അഭയം തേടിയ ഒരു പാവം
എന്നിട്ടും
കൊന്നുകളഞ്ഞു
ആ കന്യാസ്ത്രീ

- അനന്യ ദേവൻ.വി

# അമ്മ

ശ്വാസം മുട്ടലുണ്ടാകുന്ന ദിവസങ്ങളിൽ
അമ്മ കുർക്കം വലിക്കുന്നത്
ഇടിമുരൾച്ചയായ് മനസ്സിന്റെ
നടുമുറ്റത്ത്
വലിയൊരു പേമാരിയെ
വിളിച്ചു വരുത്തുന്ന പോലെ.

- ആരതി.പി.എസ്

# ഓർമ്മകളിലെ മന്ദസ്മിതം

ഇന്നീ നിലാപ്രഭ ചൊരിയും രാത്രിയിൽ
ഈ തിങ്കലെന്നോട്ട മൊഴിയുന്നതെന്തോ
ഈറനാം പുലരി തൻ വർണ്ണ കിരണങ്ങൾ
അന്നെന്നോട്ട പറഞ്ഞതെന്തോ അതുതന്നെയാണോ
ഈ നിലാവെന്നോട്ട ചൊല്ലുന്നത്
പണ്ടെന്നോ കേട്ടമറന്ന വരികൾ തൻ ഈണം
ഇന്ന് എന്നെ തഴുകിയുണർത്തുകയാണോ?
പറയാതെ കൊഴിഞ്ഞ സമയത്തിൻ
ഇതളുകളോരോന്നും
വീണ്ടും ഇതൾ ചേരുകയാണോ
അതോ കണ്ണീർ വീണലിഞ്ഞുപോയ
വിരഹത്തിൻ താഴ്വരയിലേക്ക്
ഞാൻ നടന്നടുക്കുന്നുവോ
ഇനിയൊരിക്കലും ഓർക്കയിലന്നോതിയടച്ച
ആ പുസ്തകതാളിലൊരിക്കൽ കൂടി
തേടുകയാണോ ഞാനാ മന്ദഹാസത്തെ
മറന്നുപോയിരിക്കുന്നു ഞനതിനെ

അതോ മറക്കാൻ ഞാൻ പഠിച്ചതോ *m*`

എങ്കിലും ഉത്തരമില്ലാതെ ആ ചോദ്യം

വീണ്ടും മുഴങ്ങുന്നു എൻ മനസ്സിൽ

മറ്റാരുമില്ലാതെ ഇനിയുമെന്നെ താലോലിക്കാൻ

നീയാ മന്ദസ്മിതത്തെ .....

അതിൽ നിഴൽവീണ ഓർമ്മകളെ

-ലയ കലാധരൻ

9A

# ഓർമ്മ മഴ

കാതോർത്തിരുന്നു
കാതങ്ങൾക്കപ്പുറം
നിൻ മന്യമായ ഇരമ്പലിനായി.....
ഒരു സ്നേഹതുള്ളിയായ്
നെറുകയിൽ പതിഞ്ഞെങ്കിൽ
അമ്മ തൻ സ്നേഹത്തിൻ
ചുംബനം പോൽ
ഇന്നു നീ ഏകയായ്
പൊയ്മുഖം അണിഞ്ഞവൾ
കാലത്തോട് കലഹിക്കവേ..
ഞാൻ അറിഞ്ഞതില്ലയെൻ
നഷ്ടപ്രണയം പോൽ
നീയുമൊരോർമ്മമാത്രമാകുമെന്ന്

മിൻഹ.പി

# കണ്ണാടി

എന്നെ കാണാൻ അവൾ എന്നും വരാറുണ്ടായിരുന്നു .കുഞ്ഞായിരിക്കുമ്പോൾ അവൾ കരയുമ്പോഴൊക്കെയും അവളുടെയമ്മ അവളെയും എടുത്തുകൊണ്ട് എന്റെ പക്കൽ വരും . എന്നെ കണ്ടമാത്രയിൽ അവൾ കരച്ചിൽ നിർത്തും .പിന്നീട് മോണകാട്ടി അവൾ എന്നെ നോക്കി ചിരിക്കും . അപ്പോൾ ഞാൻ എന്തുമാത്രം സന്തോഷിക്കാറിണ്ടെന്നറിയാമോ ? അവൾ എന്നെ തൊടാൻ നോക്കും . അവളുടെ പിന്നീടുള്ള വളർച്ചയിലും നിഴലുപോലെ ഞാൻ കൂടെയുണ്ടായിരുന്നു . കുഞ്ഞുടുപ്പിട്ട് അവൾ സ്കൂളിലേക്ക് പോകുന്നതിനു മുൻപ് എന്നെ കാണാൻ വരാറുണ്ടായിരുന്നു . എന്നെ നോക്കി പുഞ്ചിരിച്ച് അവൾ സന്തോഷത്തോടെ ഓടിപ്പോകും . അവൾക്കെന്നോട് കൂടുതൽ ഇഷ്ടം തോന്നിതുടങ്ങിയത് എപ്പോഴാണെന്നറിയോ , അവൾ കോളേജിൽ പോകുന്ന സമയത്തായിരുന്നു . അന്ന് അവൾക്ക് എന്നെ പിരിയാൻ ബുദ്ധിമുട്ടായിരുന്നു . അവൾ ദുഃഖങ്ങളും , സന്തോഷങ്ങളും പങ്കുവെയ്ക്കാൻ എന്റെയടുത്ത് വരാറുണ്ട് . എന്നെ കാണാത്ത ഒറ്റനാൾ പോലും അന്നേരം

അവൾക്കുണ്ടായിരുന്നില്ല . പക്ഷേ ഇന്ന ഞാൻ

ദുഃഖിച്ചിരിക്കുകയാണ് എന്നെ അവൾ മറന്നുപോയോ ?

ഒരുപാടുനാളായി ഞാൻ അവളെ പ്രതിക്ഷിച്ച്

തനിച്ചിരിക്കുന്നു . ഒടുവിൽ അവൾ എന്റെ മുന്നിലെത്തി .

അതെ ഇതവൾ തന്നെ , വെള്ള നിറമുള്ള മുടിയിഴകൾ

കോതി മിനുക്കി , അവൾ വീണ്ടും മോണകാട്ടി എന്ന

നോക്ക് ചിരിച്ചു . ആ ചിരിയിൽ ഒരു നിരാശ

നിഴലിക്കുന്നുണ്ടായിരുന്നു .

- പ്രണവ്.പി.പി

# കലാവിശേഷം

പണ്ടേ നമ്മൾ വിധിച്ച മരണം
പാടങ്ങളില്ലാതെയായ്
കണ്ടൽകാട്ടുകൾ , ചോലകൾ , പുഴകളും
സർവ്വവും നശിപ്പിച്ച നാം
കുന്നിൽ മാറുപിളർന്നവണ്ടി കയറാ
നുണ്ടാക്കി നൽപാതകൾ നാം
പിന്നെ കാട്ടുമുടിച്ചു , നാട്ടുമുടിയാ
നച്ചാരവും വാങ്ങി നാം

പാർക്കാൻ വീട്ടുകളല്ല വിണ്ണുതഴുകും
വൻ സൗധങ്ങളോരോ പ്രിയം
കേൾക്കാനോ കളകൂജനങ്ങൾ വേണ്ടെവിടെയും
യന്ത്രങ്ങൾ തൻഘോഷണം
നോക്കാൻ വേണ്ട നമുക്കു മാരിവില്ലുകിലും
പൊന്നിൻ കതിർപ്പാടവും
ഓർക്കാനുറ്റവർവേണ്ട , സകലം
ലാഭേച്ഛയാൽ പ്രേരിതം

കാലം തെറ്റിയ കാലവർഷമിനിയും
പെയ്യാത്താ തുലാവർഷവും
ദ്ര്യായിൻ കാർമുഖിൽ മാലയിതല്പുപവനൻ
നിചേചരഷ്ടനായ് ന്ല്പിതേ
കോലം മാറിയുണങ്ങി നദിയോ ജീവ
ച്ഛവം പോലെയായ്
ആരുണ്ടീ കതിമാറ്റുവാനിരവിതിൽ
ദീപം തെളിച്ചീടുവാൻ ?

- കീർത്തന . എ . ആർ

# കാലമേ നീയറിയുന്നുവോ ?

നിന്റെ ചിറകിലേറി എത്ര പറന്നു നാം
യുഗങ്ങൾ വർഷങ്ങളായി
വർഷങ്ങൾ മാസങ്ങളും
മാസങ്ങൾ ആഴ്ച്ചകളും
ആഴ്ച്ചകൾ ദിനങ്ങളുമായി
ദിനവും ഉറക്കുന്ന ഫെയ്സ്ബുക്കുപോലും
നിന്നെക്കാൾ വേഗത്തിൽ പറക്കുന്നു
ശത്രുക്കൾ സുഹൃത്തുക്കളാവുന്നു
സുഹൃത്തുക്കൾ അകന്നുപോകുന്നു
ബന്ധങ്ങളെല്ലാം ശിഥിലമാകുന്നു
അറിയുന്നുവോ നീ ഈ മാറ്റങ്ങൾ??
ഹേ കാലമേ ! ഇന്നത്തെ ലോകം
ഫേസ്ബുക്കിലും വട്സപ്പിലും
അപ്ഡേയ്റ്റ് ചെയ്യുമ്പോൾ
കുടുംബത്തിൽ നിന്ന് റിമൂവ്
ചെയ്യപ്പെട്ട മാതാപിതാക്കളെ
ഷെയർ ചെയ്യാൻ വൃദ്ധസദനങ്ങൾ
പെരുകുന്നത് നീ കാണുന്നില്ല

-ഷബാന യാസ്മിൻ .എ

# ഞാനും നിളയും

ഞാനും നിളയുമിന്നൊരുപോലെ,
ഞാനും നിളയുമിന്നൊരുപോലെ
അലയുന്നു മാരിമുകലിൻ  മരീചിക തേടി

കരകവിഞ്ഞൊഴുകിയ കൗമാരക്കാലം
കേളിയാടിയ നിറയൗവനം
കള്ളകാമുകനാം കാർമേഘം പ്രിയ
കാമിനിയിൽ പ്രണയം പൊഴിഞ്ഞ വർഷം
നഷ്ടസ്മൃതിയിലിന്നും ദീപ്തം

വിഫലജന്മത്തിൻ നോവാലിന്നും
ഒഴുകുന്ന നിള തൻ അശ്രു പ്രവാഹം
കേവലമൊരു തെളിനീർചാലായ്
കൃശഗാത്രിയാം നിളയും ഞാനുമിന്നൊരുപോലെ
ശപ്തജന്മത്തിൻവ്യഥയിൽമമ
തപ്തഹൃദയം കേഴുന്നു മുക്തിക്കായ്
നിളയുടെ ഹൃത്താം മണൽക്കാട്ടിലിന്ന്
മോഹത്തിൽ മുകുളങ്ങൾ വിടരാതായി
പെയ്യൊഴിഞ്ഞ പ്രിയ വർഷം

സ്മൃതിയിലേന്തി കാത്തിരിപ്പൂ.

പിന്നെയും.....

- ARYA.P.M

9A

# തീ

കള്ളക്കാമുകന്റെ
മുള്ളുള്ള വാക്കിൽ
ഞാനറിഞ്ഞു;
ഞാവനൽപ്പഴത്തിന്റെ
മധുരമല്ല,നിറമാണ്
പ്രണയമെന്ന്........

കൗമാരമെന്നിൽ
കൊളുത്തിയ ദീപം
പടുതിരി കെട്ടപ്പോൾ
ഞാനറിഞ്ഞു
ജീവാമൃതത്തിൽ
കലങ്ങിയ കയ്പ്പ് , ആ
മുലയോട് തോന്നിച്ചത്
ചെന്നിനായക
പ്രണയമെന്ന്..........

തോട്ടൻ വക്കിൽ

നോട്ടം പതറിച്ച്

പാത്തും പതുങ്ങിയും

വന്ന ചകോരമേ,

ഞാനറിഞ്ഞു;

നിന്റെ കണ്ണിലെ തീ

പ്രണയമെന്ന്..........

– നീതു.പി.ജി

# തീവണ്ടി

ചൂളമടിച്ച് വരുന്നുണ്ടേ ചിരിപാഞ്ഞ് വരുന്നുണ്ടേ

വലിയൊരു വണ്ടി തീവണ്ടി. എന്തൊരു വേഗത

ആ...ഹാ....ഹാ...

എന്തൊരു വേഗം അമ്പംമ്പോ.........

ആളുകളെത്ര  വന്നാലും കയറി പറ്റാൻ ഇടമുണ്ടേ

വഴിയും തെറ്റാതോടീട്ടും വലിയൊരു വണ്ടി
തീവണ്ടി

എന്തൊരു വേഗത

ആ...ഹാ...ഹാ...

എന്തൊരു വേഗം അമ്പംമ്പോ.............

-റിയ.പി.ആർ

-

# നിന്നോട് എനിക്ക്  ഉണ്ടായിരുന്നത്

ഇവിടെ വിരിയുന്ന ഓരോ പൂക്കളും നിനക്ക് തരാനായ് ഞാൻ
അറുത്തെടുത്തു കൊണ്ടേയിരുന്നു.പക്ഷേ വാങ്ങുവാനായി നീ
ഒരിക്കലും കൈ നീട്ടിയിരുന്നില്ല,ചിലപ്പോൾ നീ പറയുമായിരിക്കും
ഇറുത്തെടുത്തപൂക്കൾ മനസ്സിൽ മാത്രം നിന്റെ നേർക്കു നീട്ടിയാൽ
അത് കണ്ടില്ലെന്ന് നടിക്കാനേ നിനക്ക് സാധിക്കുള്ളൂ എന്ന്.
എങ്കിൽ ഇനി ഞാൻ ഒരു സത്യം പറയട്ടേ?
പേടിയായിരുന്നു എനിക്ക്.........
നിന്നെ അല്ല നിനക്കും എനിക്കും ഇടയിലുള്ള
അസമത്വത്തെ..........
എത്ര സമീകരിച്ചാലും തുല്ല്യമാകാത്ത
സമവാക്യങ്ങളായിരുന്നു
എനിക്കും നിനക്കും ഇടയിൽ

അതുകൊണ്ട്തന്നെ മനസ്സിൽ തോന്നിയ
ഉത്തരങ്ങളെ അവിടെ
തന്നെ കുഴിച്ചുമൂടി നിന്റെ അക്ഷരങ്ങൾ പക്ഷേ വീണ്ടും
വീണ്ടും എന്നെ
പലതുംഓർമപ്പെടുത്തിക്കൊണ്ടേയിരുന്നു.
പുസ്തകത്താളുകൾക്കിടയിൽ ഞെരിഞ്ഞമർന്ന
പുഷ്പങ്ങൾ
എന്റെ നഷ്ടബോധത്തിന്റെ തീ ചൂടേറ്റ്
കരിഞ്ഞുകൊണ്ടോയിരുന്നു.
എന്റെ പേന നിന്നെ കുറിച്ചെഴുതിയെഴുതി
തളർന്നുകൊണ്ടേയിരുന്നു.നിന്റെ അനന്തമായ
വളർച്ചയിൽ എന്റെ
ഒന്നുമില്ലായ്മ കൂടുതൽ കൂടുതൽ
തെളിഞ്ഞുവന്നുകൊണ്ടേയിരുന്നു.
ചിലപ്പോൾ നീ ഇതു മുഴുവൻ കേൾക്കുമ്പോൾ
പൊട്ടിച്ചിരിക്കുമായിരിക്കും.പൈങ്കിളി സാഹിത്യത്തെ
നിനക്ക് എന്നും
പുച്ഛമായിരുന്നല്ലോ.പക്ഷേ എനിക്ക് ഇതൊക്കെ
ഇങ്ങനെ പറയാനേ സാധിക്കൂ.എല്ലാം ഒത്തിരി
നേരത്തെ പറയാമായിരുന്നില്ലേ എന്ന് മാത്രം നീ
ചോദിക്കരുത്.

കാരണം ഇങ്ങനെ മരിക്കാൻ എനിക്ക്
ആവില്ലായിരുന്നു.എനിക്കും നിനക്കും ഇടയിലുള്ള
എല്ലാഅസമത്വത്തെയും  മരണം കൊണ്ടു റദ്ദു
ചെയ്യുവാൻ മാത്രമേ എനിക്ക് സാധിച്ചുള്ളൂ.

# നീ

നിന്നെ കാണുന്നതു വരെ

ഞാൻ കരഞ്ഞിരുന്നില്ല

ചിരിച്ചിരുന്നുമില്ല.

ഇപ്പോഴാണെങ്കിൽ

നീ മാത്രമേയുള്ളൂ.

ഞാനില്ല.

- മായ.ആർ

# പൊരുത്തം പത്തിൽ എട്ട്

പൊരുത്തമുണ്ടായിട്ടും
അവൻ അവളെ വെറുക്കാൻ
പഠിച്ചത് ആ
പൊരുത്തത്തിൽ നിന്ന്
തന്നെയായിരുന്നു..........
പൊൻ ചിങ്ങം വന്നപ്പൊൾ
പൊന്നു വാങ്ങി ക്കൊടുത്തിട്ടും
പൊന്നാട വാങ്ങി ക്കൊടുത്തിട്ടും
പുഞ്ചിരി അവളൽ
വിരിഞ്ഞതേയില്ല...........
പത്തിൽ എട്ടു പൊരുത്തം
കൊണ്ടാവാം അവർ
പരസ്പരം ഇതൊന്നും
അറിഞ്ഞതുമില്ല.....................

അതുല്യ.

# പ്രകൃതി

അനന്തമാം ഈ ഭൂമിയിൽ
സർവേശ്വരൻ തന്ന സൗഭാഗ്യം
പ്രകൃതി....
ഇവളിൻ സൗന്ദര്യം അവർണനീയം
എന്തൊരു മനോഹാരിത....
ആരും കൊതിച്ചുപോകുന്ന
കണ്ണിൽ കുളിർമ്മ വിതയ്ക്കുന്ന
ഇവളാണ് സൗന്ദര്യത്തിൻ ദേവത
പച്ചപ്പുടവയുടുത്തവൾ
പുഷ്പങ്ങളാൽ ഹാരമണിഞ്ഞവൾ
പ്രകൃതി.....
വിസ്മയമാം ജനകണികകൾ
അവളുടെ കാലടികളിൽ തലോടി
ആ ആർദ്രസ്പർശത്താൽ
അവൾ പ്രസന്നവതിയായി
അവൾതൻ പുഞ്ചിരി നമ്മുക്ക്
ജീവസ്പന്ദനം നൽകി
ഇവളാണ് സൗന്ദര്യത്തിൻ ദേവത.

-മൈഥിലി.എം. വിനയ്

9.E

# മടി

കാലത്ത് എണീറ്റ
നാല് തുമ്മല്
ഇന്നലത്തെ മഴയെയോർത്തു.
കടയെടുക്കാതിരുന്നത് നന്നായി
ഇന്നിനി ക്ലാസിൽ പോകണ്ടല്ലോ!
മഴക്കാറ് കനത്തു
സ്വന്തം കാറ് മുറ്റത്തേക്കിറക്കി
കാറ്റ് വീശാൻ തുടങ്ങി.
നാല് തുള്ളി കാറിൽ പതിച്ചു
ഭാഗ്യം ഇന്നിനി കാറ് കഴുകണ്ടല്ലോ !
പഠിക്കാൻ ഇരുന്നു
ഇടിയും മിന്നലും വന്നു
കറണ്ടു പോയി
ഇന്നിനി കറണ്ടു വരല്ലേ !
ആശ്വാസം.

- ആതിര.ടി.ആർ

# മഴ

ഇന്നെലെയെൻ തേങ്ങലായ്
ഇന്നെൻ സുഹൃത്തായ്
നാളെയൻ ജീവനായ്
ജീവിന്റെ ഉൾത്തുടിപ്പായി

അവനെന്റെ കൂട്ടുകാരനായ്
മനസ്സിലെ സ്വപ്നങ്ങൾക്ക
ദീപമായി.......
പ്രതീക്ഷമായി
പ്രണയമായ
മഴ........

ജീവിതത്തിന്റെ നടുക്കടലിൽ
അഗാധ പ്രളയത്തിൽ
നിന്നെന്നെ കൈപിടിച്ച
ഗുരുവായി.......
പ്രിയനായ്.......
മഴ.....

**- Sahla Fathima**
**9A**

# മറവിയിലേക്ക്

കണ്ണുതുറന്ന് ഞാൻ ഭൂമിയെ നോക്കുമ്പോൾ
മഴവില്ലഴകുപോലെയായിരുന്നു,
ഇന്നലെകളിലെയും ഇന്നിന്റെയും
ഓർമ്മകൾ മഴവില്ലഴകുപോൽ തെളിഞ്ഞു.
പിച്ചവെച്ചുനടന്ന ബാല്യം,
അകന്നുപോയിരുന്നു.
പിന്നീടെപ്പോഴോ എന്നിലെ എന്നെ
ഞാനറിഞ്ഞു.
നീലക്കുറിഞ്ഞി പൂക്കുന്ന വേളയിൽ
എൻമനം അറിയാതെ പൂവിട്ടുപോയി
എന്നെ ഞാനാക്കി മാറ്റിയ
സുവർണനിമിഷങ്ങൾ.....
നിറദീപമായെന്റെ വാതിൽക്കലെത്തിയ
അനുരാഗ സംഗീതം പോലെ

മനസ്സിന്റെ ചെപ്പിനുള്ളിൽ സൂക്ഷിക്കാൻ

ഓരോ ഓർമ്മകളും.

-അനഘ.കെ.എച്ച്

8.C

# വിചിന്തനത്തിന്റെ കാണാപ്പുറങ്ങൾ

അനുഭവങ്ങളുടെ ആഴകുറിപ്പുകൾക്ക്
കടലിനെക്കാൾ അഘാതമാണ്
ആ അഘാതങ്ങളിൽ നിന്നും
ഞാൻ കണ്ടെത്തിയ മുത്തുകൾ
സന്തോഷമല്ല പകർന്നത്,എന്നിലെ
വിഷാദത്തിന്റെ കരിനീല തടാകത്തിൽ
ഓളങ്ങൾ സൃഷ്ടിക്കുകയായിരുന്നു.
എങ്കിലും അവ എന്നിൽ
പ്രതീക്ഷയുടെ നാമ്പിനെ അറുത്തെടുത്തു
എന്നു പറയാൻ അനുവദിക്കുന്നില്ല.
ഈ മുത്തുകൾ എന്നെ ഞാനാക്കി
എന്നെ മറ്റുള്ളവർക്ക് കാണിച്ചുകൊടുത്തു
പക്ഷെ എന്റെ തടാകത്തിൽ
യവനിക താഴും വരെ അതിന്
ആയുസ്സുണ്ടായിരുന്നില്ല.

അപ്പോഴേക്കും കടൽ രോഷാകുലയായി

എന്റെ വലകളും , അന്നുവരേ ഞാൻ

വാരിയമുത്തുകളും എന്റെ കൈവിട്ടുപോയി.

അതാ ദൂരെ ഞാൻ കാണുന്നു,

ഒരു തിരമാല എന്നിലേയ്ക്ക് ഓടി അടുക്കുന്നു.

അതെന്നെയും കൊണ്ട് , താഴേയ്ക്ക് , താഴേയ്ക്ക്

പോയി,അനുഭവങ്ങളുടെ ആഴക്കയങ്ങളി

ലേയ്ക്കാണോ,ആവോ എനിയ്ക്കറിയില്ല

എന്റെ തോണിയെവിടെ,ഞാൻ തിരിഞ്ഞു

നോക്കി,പക്ഷേ അവിടെയൊന്നുമില്ലായിരുന്നു .

യവനിക താഴ്ന്നു തോണി മുങ്ങി

മുത്തുകളും,വലയും താണുപോയി

ഞാൻ , അദൃശ്യമായി മറഞ്ഞു

അങ്ങ് ദൂരേയ്ക്ക്...............

-ആഷിക്ക് അലി

# സമർപ്പണം

പടവുകളേറെ താണ്ടിയോർ തൻ
പാതയിൽ പഴുതുകൾ കണ്ടുചിരിപ്പൂ നാം.
പറയുവാനേറെ ചുണ്ടത്ത്
ഹൃദ് സ്നേഹവും പിന്നതിൻ പിന്നാലെ
കാണാച്ചുഴികളും കയങ്ങളും
നിരനിരയായ് വ്യർത്ഥ മേഹങ്ങളും

ബിരുദപത്രത്തിന്റെ ഭാരം ചുമപ്പവൾ
വിദ്യയേറുംതോറും വിദ്യയറിയാത്തോർ
വിദ്യ പഠിച്ചോരാൽ വിഡ്ഢികളാകുവോർ
വിദ്യാധനം സർവ്വധനാൽ പ്രധാന
മെന്നു നിനച്ച് പൂജ്യമായ് തീർന്നവവർ
വിദ്യ പകരുവാൻ വിദ്യപഠിക്കുമ്പോൾ
വിദ്യാർത്ഥികളുമന്തരമില്ലാത്തോർ
വിദ്യമാറുന്തോറുമാലയം മാറുന്ന
നേടുന്ന സൗഹൃദം പുത്തൻ വഴികളിൽ
ഒന്ന കൈകോർക്കാൻ തുനിയുമ്പോഴേക്കതാ
കേൾക്കുന്ന കാഹളം,പോകുവാൻ നേരമായ്
സർവ്വതുമോരോരോവിദ്യകളാണെന്ന

സത്യം പറയുന്ന കാലം ജനിക്കുന്നു

നിസ്സംഗതയുടെ പുഞ്ചിരി ളുകുന്ന

നിത്യപ്രപഞ്ചമേ നീയാണു സാക്ഷി...

-അഞ്ജന.എം.എസ്

# സുഹൃത്ത്

കണ്ട  നാൾ മുതൽ കാത്തിരിക്കുന്ന ഞാൻ
കൂട്ടുക്കാരനായ് നിന്നെ ലഭിക്കുവാൻ
സ്നേഹമൂറിയ നിന്റെയാ വാക്കുകൾ
സോദരചിന്തയെന്നിൽ  വളർത്തിയോ
ജേഷ്ഠനില്ലാത്ത സങ്കടം മാറ്റുവാനെ-
ട്ടനായെന്റെ ചാരത്തു നിന്നു നീ
കൂട്ടു കൂടി കളിയും ചിരിയുമായി
കൂട്ടു ചേർന്നു നളർന്നിതാ സൗഹൃദം
പോകെ പോകെ നിൻ ആരാധികമാരും
കൂടി ഞാനതിൽ ഒന്നുമില്ലാതായി
ശ്രദ്ദിക്കുന്നില്ലയെന്നെ എന്നാകിലും
ചേർത്തു പിടിക്കുന്നു നീ തന്നോരോർമ്മകൾ
പെട്ടെന്നൊരു ദിനം
ഇഷ്ടമല്ലെന്നോതിയകലുവാൻ-
അപരാരാധമെന്തു ചെയ്തു ഞാൻ?
എന്തിനായ് അകലുന്നു സുഹൃത്തേ നീ ദൂരെ
ഒരിക്കലും അടുക്കില്ലേ ഇനീയീ ജന്മത്തിൽ

നേരുന്നു മംഗളങ്ങൾ നിൻ ഭാവിക്കായി

സ്വയം തന്നെയകന്നിടാം നിന്നിൽ

നിന്നൊറ്റക്കായി

നീ പാടും ഗീതികൾ പോൽ

അനചർഗളമൊഴുകട്ടെ

ശുഭമായൊരനുഭവങ്ങൾ ആശംസിച്ചിടുന്നു

ഞാൻ......

-അഭിനയ.

# സൗഹൃദം

ഓർമ്മകൾ കാർന്നുതിന്നുന്ന ,
അരികുകൾ ചിതലെരിച്ച മനോഹരമായ
ഒരു സ്വപ്നമായിത്തീർന്നേക്കാം ,
നാളെയോരോ സൗഹൃദവും

എങ്കിലും ;
ഓർമ്മിച്ചെടുക്കാൻ കഴിയാത്തൊരു
നിഗൂഢതയതു പേറുകില്ല
ഒരു യുഗത്തിൻ ശൂന്യതയില്ലടർന്നുവീണ്
രാവിന്റെ നിദ്രയുടെ മൗനവും പേറി
പകലിന്റെ ഉണർവിന്റെ വാചാലതയേന്തി
മഴ പെയ്തു തീർന്നിട്ടും പെയ്യും മരം കണക്കെ
സ്പന്ദിയ്ക്കും മനസ്സിലേയ്ക്കായ്
അടർന്നുവീഴും സ്മരണയായ്
പിന്നീടൊരുദിനം യുഗങ്ങളുടെ ശൂന്യതയിലേയ്ക്കായ്
എന്തൊക്കെയോ ഓർമ്മപ്പെടുത്തലുകളുമായ്
ഓരോ ഹൃദയമിടിപ്പുമായൊത്തു ചേരും....

-ദിവ്യ